# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.11/1008/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/08/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എഎ കെടിഎം പി.11/1008/2024 തീയ്യതി: 12/08/2024

## കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി. സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-06-2024 | 20-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2024 | 20-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. മായ ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. അമ്പിളി എം., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ഉണ്ണികൃഷ്ണൻ എം., ഓഡിറ്റർ (ഹ.ഗ്രേ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| സിന്ധു. എ. എസ് | പ്രസിഡന്റ് | 01-04-2023 | 06-02-2024 |
| ബിജോയ് ജോസ് | പ്രസിഡന്റ് | 07-02-2024 | 31-03-2024 |
| ഗിരിജകുമാരി അയ്യപ്പൻ | സെക്രട്ടറി | 01-04-2023 | 01-05-2023 |
| സിന്ധുമോൾ. കെ. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-05-2023 | 30-07-2023 |
| ഗിരിജകുമാരി അയ്യപ്പൻ | സെക്രട്ടറി | 31-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധുമോൾ കെ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2023 | 31-03-2024 |
| ഡോ. വിദ്യ മോഹൻ | മെഡിക്കൽ ഓഫീസർ, സി .എച്ച്. സി | 01-04-2023 | 31-03-2024 |
| ഡോ. പ്രശാന്ത്. എ. എം | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2023 | 31-03-2024 |
| ഡോ. അഖില. എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ആർദ്ര ആൻ പോൾ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| പത്മകുമാർ. പി. ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| രശ്മി കൃഷ്ണൻ. എസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| കണ്ണൻ. എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| അനിൽ കുമാർ. കെ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | Excess Of Income Over Expenditure കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി രൂപീകരണം | 1-5 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 12 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-11 |
| 17 | ഗുണഭോക്തൃവിഹിതം ഈടാക്കിയത് - രസീതുകളിലെ തുകകളിലെ വ്യത്യാസം - തുക അടവാക്കി | 1-12 |
| 18 | ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-13 |
| 19 | ഇ-ടെൻഡർ ഫീസ്- ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്. | 1-14 |
| 20 | വസ്തു നികുതി - കുടിശ്ശിക - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 21 | വസ്തു നികുതി- മൊബൈൽ ടവറുകളുടെ ദീർഘകാല കുടിശ്ശിക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 22 | വസ്തു നികുതി - കെട്ടിടത്തിന്റെ ഉപയോഗക്രമം അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിച്ചില്ല | 1-17 |
| 23 | വസ്തു നികുതി സഞ്ചയ ഡേറ്റാബേസ് - അടിസ്ഥാന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഡേറ്റാബേസ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ് | 1-18 |
| 24 | വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-19 |
| 25 | വില്ലേജ് ഓഫീസിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-20 |
| 26 | വൃക്ഷങ്ങൾ ലേലം ചെയ്ത് നൽകുന്നത് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 27 | സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല | 1-22 |
| 28 | വാടക കുടിശ്ശിക ഈടാക്കിയില്ല | 1-23 |
| 29 | മെയിന്റനൻസ്ഗ്രാന്റ് (റോഡ്) -വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച | 1-24 |
| 30 | പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായ പുനരധിവാസവും ഭവനനിർമ്മാണവും- നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടൽ അനിവാര്യം | 1-25 |

| | | |
|---|---|---|
| 31 | ലൈബ്രറിയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ – ഉപകരണങ്ങൾ ഉപയുക്തമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 32 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 33 | എംസിഎഫ് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-28 |
| 34 | ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-29 |
| 35 | മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള അർഹമായ സ്കോളർഷിപ് തുക അനുവദിച്ച് നൽകിയില്ല | 1-30 |
| 36 | കാലിത്തീറ്റ വിതരണം - പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. | 1-31 |
| 37 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-32 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.05.2024 തീയതിയിലെ 2(1)- നം. തീരുമാനം പ്രകാരം അംഗീകരിച്ച് 16.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം ,1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളി
ന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും ,31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല**

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

**1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**1-1-5 Excess Of Income Over Expenditure കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല**

ബാലൻസ് ഷീറ്റ് B1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 21.03.2023 -ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 22.01.2024 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള യഥാർത്ഥ വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 57,92,172/- | 1,127,893/- |
| വരവ് | 17,97,08,000/- | 180,448,400/- |
| ആകെ | 18,55,00,172/- | 181,576,293/- |
| ചെലവ് | 17,89,00,140/- | 176,165,642/- |
| നീക്കിയിരിപ്പ് | 66,00,032/- | 5,410,651/- |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 15,662,862/- |
| ഓഡിറ്റ് വർഷത്തെ വരവ് | 42,752,045/- |
| ആകെ | 58,414,907/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 37,792,041/- |
| നീക്കിയിരിപ്പ് | 20,622,866/- |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 108,152,444/- |
| ആകെ ചെലവ് | 111,515,181/- |
| പ്രവർത്തന നഷ്ടം | (3,362,737) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (1713) |
| അറ്റ പ്രവർത്തന നഷ്ടം | (3,364,450) |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,04,885/- |

## 1-4 ഗ്രാന്റ് വിനിയോഗം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളത് പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,81,48000/- | 1,81,48000/- | 1,36,29,696/- | 45,18,304/- | 75 |
| വികസന ഫണ്ട്-SCSP | 0 | 46,05,000/- | 46,05,000/- | 34,04,041/- | 12,00,959/- | 74 |
| വികസന ഫണ്ട്-TSP | 0 | 5,80,000/- | 5,80,000/- | 3,91,250/- | 1,88,750/- | 67 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 5,92,146/- | 30,05,000/- +82404/ | 36,79,550/- | 1553347/- | 21,26,203/- | 42 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 26,37,146/- | 22,54,000/- | 48,91,146/- | 22,08,321/- | 26,82,825/- | 45 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 20,06,600/- | 20,06,600/- | 16,61,791/- | 3,44,809/- | 83 |
| മെയിന്റനൻസ് | 0 | 71,76,000/- | 71,76,000/- | 14,74,112/- | 57,01,888/- | 20 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Road | | | | | | |
| ICDS ഫണ്ട് | 17,86,857/- | 17,03,692/- | 34,90,549/- | 7,67,714/- | 27,22,835/- | 21 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 3,57,901/- | 0/- | 3,57,901/- | 1,32,561/- | 225340/- | 37 |
| Health Grant-1 | 250131/- | 697879/- | 948010/- | 182424/- | 765586/- | 19 |
| Health Grant-2 | 0 | 27,97,392/- | 2797392/- | 0 | 2797392/- | - |
| Health Grant-3 | 0 | 4,42,360/- | 4,42,360/- | 0 | 4,42,360/- | - |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 82404/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
- ഹെൽത്ത് ഗ്രാന്റ് ചെലവ് പ്രോജക്ട് നം.212/24 പ്രകാരം 182424/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ടായി സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ പ്രോജക്ട് ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി രൂപീകരണം

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 83898/23 /DPC/DPO/KTM തീയതി 29-01-2024 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.ആകെ 218 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 10,37,84,075/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 17-12-22 ലും വികസന സെമിനാർ 25-2-23 ലും ചേർന്നിട്ടുണ്ട്.വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 26-5-23മുതൽ 31-5-23 വരെ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2023-24 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2383328 | 1792328 |
| വെറ്ററിനറി സർജൻ | 7 | 5 | 1757000 | 1177675 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10 | 6 | 2590988 | 1084124 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2750210 | 2655361 |
| വി.ഇ.ഒ | 19 | 16 | 46834170 | 19311459 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 5220025 | 2628576 |
| സെക്രട്ടറി | 48 | 36 | 12448858 | 9621400 |
| അസി.എഞ്ചിനീയർ | 102 | 28 | 28496886 | 6384442 |
| ഹെഡ്മാസ്റ്റർ | 3 | 3 | 137490 | 137490 |
| അസി.സെക്രട്ടറി | 11 | 11 | 1165120 | 1052690 |
| ആകെ | 218 | 119 | 10,37,84,075 | 4,58,45,545 |

<u>സഞ്ചിതനിധിയിലേയ്ക്ക് 1കോടി 19ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>

വിവിധ കാരണങ്ങളാൽ അസി.എഞ്ചിനീയർ ഏറ്റെടുത്ത 74 പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും അസി.എഞ്ചിനീയർ തസ്തിക ഒഴിഞ്ഞതിനെ തുടർന്ന് മറ്റ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എഞ്ചിനീയർക്ക് ചാർജ്ജ് നൽകിയതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാത്ത തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 45,18,304/- |
| വികസന ഫണ്ട്-SCSP | 12,00,959/- |
| വികസന ഫണ്ട്-TSP | 1,88,750/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,44,809/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 57,01,888/- |
| ആകെ | 1,19,54,710 |

റോഡ് മെയിന്റനൻസ് ഗ്രാന്റിൽ 20% തുക മാത്രമെ തൻവർഷം ചെലവഴിക്കാൻ സാധിച്ചിരുന്നുവെന്നത് നിർവ്വഹണത്തിലെ വീഴ്ചയിലേക്ക് വിരൽചൂണ്ടുന്നു. 12.81ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ വിൽ നിൽക്കുന്ന സാഹചര്യമുണ്ടായിരുന്നുവെങ്കിൽ കൂടി സർക്കാർ ഗ്രാന്റുകൾ എല്ലാം തന്നെ വളരെ കുറഞ്ഞ വിനിയോഗം മാത്രമെ കൈവരിച്ചിരുന്നുവെന്നതിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

<u>നിർവ്വഹണം</u>

പ്രകൃതി ദുരന്തങ്ങൾക്ക് ശേഷം തയ്യാറാക്കപ്പെട്ട വാർഷിക പദ്ധതിയിൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്നു പോയ റോഡുകളുടെയും,നടപ്പാലങ്ങളുടെയും അങ്കണവാടികളുടെയും, കുടിവെള്ള പ്രോജക്ടുകളുടെയും നവീകരണത്തിന് ഊന്നൽ നല്കിയിരുന്നുവെങ്കിലും പ്രൊജക്റ്റുകൾ പൂർത്തീകരണഘട്ടങ്ങളിലേക്ക് എത്തിയിട്ടില്ല.

- കൃഷിമേഖലയിൽ വൻനാശനഷ്ടം നേരിട്ട കൂട്ടിക്കൽ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഏറ്റെടുത്ത 7 പ്രോജക്ടുകളും നടപ്പാക്കിയ കൃഷി ഓഫീസറുടെ നടപടി പ്രശംസനീയം ആണ്.
- ഹെഡ് മാസ്റ്റർ, ഡയറി ഫാം ഇൻസ്ട്രക്ടർ, അസി.സെക്രട്ടറി എന്നിവർക്ക് ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയതും ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയിൽ പൊതുജനങ്ങൾക്ക് ഏറ്റവും പ്രയോജന പ്രദമായതുമായ വീട് നിർമ്മാണം, അറ്റകുറ്റപ്പണി ,ശൗചാലയ നിർമ്മാണം തുടങ്ങിയവയ്ക്ക് തുക ചെലവഴിക്കാൻ സാധിച്ചുവെങ്കിലും ചെലവ് ശതമാനം 41.23 മാത്രമാണ്.
- അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇഎംഎസ് നഗർ റോഡ്

കോൺക്രീറ്റിങ്ങിനായി ജില്ലാപഞ്ചായത്ത് വിഹിതം 34.50ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രസ്തുത പ്രവർത്തി ജില്ലാപഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയതിനാൽ നടപ്പാക്കാൻ സാധിച്ചിരുന്നില്ല.

- ജലനിധി ഫണ്ടിനത്തിൽ 25 ലക്ഷം രൂപയിലധികം പഞ്ചായത്ത് അക്കൗണ്ടിൽ ഉണ്ടെങ്കിലും തുടർ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ ചെലവഴിക്കുന്നതിന് കഴിയുന്നില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- പ്രകൃതി ദുരന്ത സാദ്ധ്യതാ പ്രദേശം എന്ന നിലയിൽ ദുരന്ത മാനേജ്മെന്റ് പദ്ധതി കാലികമായി പരിഷ്കരിക്കുന്നതിനും ആയതിന് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും കഴിഞ്ഞിട്ടില്ല. അഭയകേന്ദ്രത്തിനായുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

**മോണിറ്ററിംഗ്**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)**

തൊഴിലുറപ്പ് പദ്ധതിയുടെ 2023-2024 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 251 പ്രോജക്ടുകളിൽ, 86 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 84813 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1184 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജല സംരക്ഷണ പ്രവൃത്തികൾ, മഴക്കുഴി, കൃഷിക്ക് നിലം ഒരുക്കൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2023-2024 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04 /2023)** | **46,234/-** | Skilled Labour(DBT) | 6,54,651/- |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 11,30,401/- | Unskilled Labour(DBT) | 28,147,990/- |
| പലിശ വരവ് | 1,820/- | Material(DBT) | 5,100,531/- |
| **ആകെ നേരിട്ടുള്ള വരവ്** | **11,78,455/-** | **ആകെ DBT ചെലവ്** | **33,903,172/-** |
| Skilled Labour | 6,54,651/- | ശമ്പളം | 13,09,664/- |
| Unskilled Labour | 28,147,990/- | പ്രിന്റിങ്ങ് & സ്റ്റേഷനറി | 17,806/- |
| Material | 51,00,531/- | ടെലഫോൺ | 0 |
| **ആകെ DBT വരവ്** | **33,903,172/-** | **ആകെ നേരിട്ടുള്ള ചെലവ്** | **13,27,470/-** |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് | 12,79,416/- | തനത് ഫണ്ടിലേക്ക് മുൻകൂർ | 11,30,401/- |

| | | | |
|---|---|---|---|
| മുൻകൂർ | | തിരിച്ചടവ് | |
| മറ്റ് വരവുകൾ | 0 | നീക്കിയിരിപ്പ്(31/03/2024) | 0 |
| ആകെ | 36,361,043/- | ആകെ | 36,361,043/- |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 18,906,800/- | 1838 |
| കർഷക തൊഴിലാളി പെൻഷൻ | 1,715,200/- | 145 |
| വിധവ പെൻഷൻ | 4,158,400/- | 384 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 305,600/- | 25 |
| വികലാംഗ പെൻഷൻ | 1,904,600/- | 176 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000/- | 03 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 12.06.2024 -ന് 02.55 PM -ന് അകൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ലായെന്ന് (Cash : Nil) പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വളരെ മികച്ച രീതിയിലാണെന്ന് മനസ്സിലാക്കുന്നു. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് സാധിക്കാതിരുന്നുവെന്നത് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭ്യമായതിൽ വൻതുക ലാപ്സാകുന്നതിനിടയാക്കി. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി

നിരീക്ഷിച്ച് വരുന്നു. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനത്തിൽ അഭിനന്ദനാർഹമായ നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01/2022 മുതൽ 03/2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2018 മുതൽ 04.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA(HQ)11/1/8A-51/2018-19/71/ 05.07.2018 |

**1-11 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ്**

വാർഷിക കണക്കുകളിൽ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, പ്രോജക്ട് പ്രകാരം ചെലവഴിച്ചുവരുന്ന തുകകളോ, വ്യക്തമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്. കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ ബി 4 ഷെഡ്യൂളിൽ 31.03.2024 ലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന ശീർഷകങ്ങളിലെ തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | ഇനം | തുക (രൂപ) |
|---|---|---|---|
| 1 | 320100197 | Literacy Scheme Grant | 3330 |
| 2 | 320300102 | Jalanidhi | 2591488 |
| 3 | 320800101 | Beneficiary Contribution | 10112 |
| 4 | 320100203 | Health Grant Towards Buildingless Subcentres PHCs And CHCs | 2797392 |
| 5 | 320100204 | Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 442360 |
| 6 | 320700204 | Contribution For Joint | 463515 |

| | | | |
|---|---|---|---|
| | | Venture Projects ( Revenue Exp) –From Block Pt | |
| 7 | 320700205 | Contribution For Joint Venture Projects ( Revenue Exp) –From District Pt | 88474 |
| 8 | 320700404 | Contribution For Other Specific Purposes (Revenue Exp) – From Block Pt | 146750 |
| 9 | 320700405 | Contribution For Other Specific Purposes (Revenue Exp) – From District Pt | 100000 |
| 10 | 320900102 | Donation Related To Pandemic/ Epidemic Control | 9310 |

ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/18.06.24) താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

1. ജലനിധി പദ്ധതി പൂർത്തീകരിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന് സമർപ്പിച്ചിട്ടുള്ളതും തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതുമാണ്.

2. ഗുണഭോക്തൃ വിഹിതം പ്രാരംഭ ബാക്കി 5072 രൂപ കഴിച്ചുള്ള 5040 രൂപ കാലിത്തീറ്റ സബ്സിഡി സ്പിൽ ഓവർ പദ്ധതിയിൽ ചെലവഴിക്കുന്നതാണ്.

3. പി എച്ച് സി കെട്ടിട നിർമ്മാണത്തിനായി ഹെൽത്ത് ഗ്രാന്റ് തുക നിർമ്മിതി കേന്ദ്രം മുഖേന ചെലവഴിക്കുന്നതാണ്.

4. ക്രമ നം 6, 7, 8 ശീർഷകങ്ങളിലെ ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായ ആകെ തുക 698739 രൂപ 30/03/24 ൽ Redemption ആയി പിടിച്ചതും നിലവിൽ തിരികെ ലഭിച്ചിട്ടില്ലാത്തതുമാണ്.

5. കോവിഡ് വ്യാപനത്തെ തുടർന്ന് സംഭാവനകൾ സ്വീകരിക്കുന്നതിന് ആരംഭിച്ച അക്കൗണ്ടിൽ ശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിന്നും മുമ്പ് ചെലവഴിച്ച തുകയിലേയ്ക്ക് വകയിരുത്തുന്നതാണ്.

മറുപടി പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഗുണഭോക്തൃവിഹിതം ഈടാക്കിയത് - രസീതുകളിലെ തുകകളിലെ വ്യത്യാസം - തുക അടവാക്കി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തീറ്റ വിതരണവുമായി (പ്രോജക്ട് നം. 59/2024 - ജനറൽ & 60/2024 - SCP) ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന് മാനുവൽ രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക പൂർണ്ണമായി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ 1590/- രൂപയുടെ കുറവുള്ളതായി കാണുന്നു.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ അടവാക്കേണ്ടിയിരുന്ന തുകയിൽ, 1590/- രൂപയുടെ കുറവ് സംഭവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/18.06.2024), രസീതുകളിലെ തുകകളിലെ വ്യത്യാസം ബോധ്യപ്പെട്ടുവെന്നും, അനേകം രസീതുകൾ എഴുതിയപ്പോൾ സംഭവിച്ച പിഴവാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. 1240200440/G051103/19.06.2024 നം. രസീത് പ്രകാരം 1590/- അടവാക്കി രസീതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നതിന്റെ ഭാഗമായി, രസീത് ബുക്ക് നം., ഗുണഭോക്താക്കളുടെ വിവരങ്ങൾ, കൈപ്പറ്റുന്ന ഗുണഭോക്തൃവിഹിതം, തീയതി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്, ഒരു കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തുടർ

വർഷങ്ങളിൽ ഇത്തരം അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായുള്ള ഹഡ്കോ വായ്പ (KURDFC) ഇനത്തിലുള്ള 16,99,246/- രൂപ ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതിനായി വായ്പ തുകയ്ക്ക് റിക്വസിഷൻ നടപടികൾ സ്വീകരിക്കുകയും എന്നാൽ, വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിയ്ക്കാൻ സാധിക്കാതെ വന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടായതായി ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ വിശദീകരിച്ചു. വായ്പ തുക ചെലവഴിക്കാൻ സാധിക്കാതെ വരുന്നതുമൂലം വായ്പ തുകയ്ക്ക് ആനുപാതികമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പലിശ തുകയും ഈ കാലയളവിൽ നൽകേണ്ട സാഹചര്യം ഉണ്ടാകുന്നു. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, ഭവന നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുസൃതമായ തുക മാത്രം അതത് സമയങ്ങളിൽ റിക്വസിഷൻ നടപടികൾ സ്വീകരിച്ച് അക്കൗണ്ടിൽ നിലനിർത്തേണ്ടതും ചെലവഴിക്കേണ്ടതുമാണ്.

## 1-14 ഇ-ടെൻഡർ ഫീസ്- ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്. എന്നാൽ 2019 മുതലുള്ള വർഷങ്ങളിലെ ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിവിധ വർഷങ്ങളിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2019 | 5600/- |
| 2020 | 33,713/- |
| 2022 | 28814/- |
| 2023 | 28840/- |
| 31-03-24 | 4000/- |
| ആകെ | 1,00,967/- |

2024 വർഷത്തേത് ഉൾപ്പെടെ ഇ-ടെൻഡർ ഫീസ് തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ടെൻഡർ ഫീസ് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 17/19-6-24) മറുപടിയായി എസ്ബിഐയിൽ അക്കൗണ്ട് ആരംഭിച്ചിരുന്നുവെന്നും(അക്കൗണ്ട് നം 00000041943857300) തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - കുടിശ്ശിക - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക കണക്കുകൾ പ്രകാരമുള്ള 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശ്ശിക (ലൈബ്രറി സെസ്സ് ഉൾപ്പെടെ) താഴെ ചേർക്കുന്നു.

| | |
|---|---|
| റെസിഡെൻഷ്യൽ ബിൽഡിംഗ് | 229284 രൂപ |
| നോൺ റെസിഡെൻഷ്യൽ ബിൽഡിംഗ് | 764974 രൂപ |
| ആകെ | 994258 രൂപ |

കുടിശ്ശിക നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-16 വസ്തു നികുതി- മൊബൈൽ ടവറുകളുടെ ദീർഘകാല കുടിശ്ശിക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്**

സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ദീർഘകാലമായി കുടിശ്ശികയായി കാണുന്നു.

| കെട്ടിട നം | പേര് | നികുതി | റിമാർക്സ് |
|---|---|---|---|
| 1/46 A | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ് | 39635 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക |
| 1/46 B | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ് | 8209 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക |
| 4/3 | റിലയൻസ് കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 8209 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2019-20രണ്ടാം അർദ്ധ വർഷം വരെ. 2021-22, 2023-24 വർഷവും കുടിശ്ശിക |
| 4/3A | റിലയൻസ് കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 22862 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2017-18 ഒന്നാം അർദ്ധ വർഷം |

വരെ. 2019-20, 2022-23, 2023-24 വർഷവും കുടിശ്ശിക

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (06/18.06.24) യ്ക്ക് ചുവടെ ചേർക്കും പ്രകാരം സെക്രട്ടറി മറുപടി നൽകി.

1) 1/46 A , 1/46 B എന്നീ നമ്പറുകളിലുള്ള റിലയൻസ് ടവർ 2013-14 മുതൽ നികുതി അടവാക്കാത്തതും പഞ്ചായത്ത് ഇത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിരുന്നതുമാണ്. എന്നാൽ ഈ ടവർ 2013-14 മുതൽ പ്രവർത്തന രഹിതമാണെന്ന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം അറിയിച്ചു. അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള റിലയൻസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നിലവിൽ ഇല്ലാത്തതിനാൽ ടി കേസ് പിൻവലിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ച് വക്കീലിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് സർക്കാറിലേയ്ക്ക് കത്ത് അയച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) 4/3 , 4/3A എന്നീ റിലയൻസ് ടവറുകൾ വസ്തു നികുതി അടവാക്കാത്തതിന് ബഹു.കോടതി മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും തുടർനടപടി സ്വീകരിച്ച് വരുന്നുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കി. ആയതിന്റെയും തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>1-17 വസ്തു നികുതി - കെട്ടിടത്തിന്റെ ഉപയോഗക്രമം അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിച്ചില്ല</u>

1. 2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നിലവിൽ വരുന്നതിന് മുമ്പ് അസ്സസ്സ് ചെയ്യപ്പെട്ട വാർഡ് I/229 B മുതൽ I വരെയുള്ള മാണി ജോസഫ് അരിമറ്റം വയലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീ കൂടുതൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഗണത്തിൽപ്പെടുത്തി 90 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ടിയാന്റെ ഉടമസ്ഥതയിലുള്ള 229 A എന്ന ഇതേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ കൂടുതൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഗണത്തിൽപ്പെടുത്തി 70 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ വാർഡ് I /229 A മുതൽ I വരെ കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെട്ടതും, 5 മീറ്ററിൽ കൂടിയ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമുള്ളതുമാണ്. എന്നാൽ കെട്ടിടം ഒറിജിനേറ്റ് ചെയ്ത 1/229 എന്ന കെട്ടിടം ദ്വതിയ മേഖലയിലാണ് കണക്കാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (19/20.06.24) യ്ക്ക് മറുപടിയായി തെറ്റായി രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളവ സഞ്ചയ ഡേറ്റാ പ്യൂരിഫിക്കേഷൻ സംവിധാനം ലഭ്യമാക്കി തിരുത്തൽ വരുത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. ശ്രീ ജോസഫ് എം കള്ളിവയലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 9/ 213 A മുതൽ J വരെയുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകളുടെ ആകെ വിസ്തീർണ്ണം (19.5 X 10) 195 ച.മീ ആണ്. എന്നാൽ ആയതിന് 100 ച.മീ ൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകളുടെ വസ്തുനികുതി നിരക്കിലാണ് (40/ച.മീ) നികുതി നിർണ്ണയിച്ചിരിക്കുന്നത്. (2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നിലവിൽ വരുന്നതിന് മുമ്പ് അസ്സസ്സ് ചെയ്യപ്പെട്ടത്) പ്രസ്തുത കെട്ടിടങ്ങളെ 100 ച.മീ ന് മുകളിലുള്ള കെട്ടിടങ്ങളുടെ നിരക്ക് കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. സഞ്ചയ ഡേറ്റാ പ്യൂരിഫിക്കേഷൻ സംവിധാനം ലഭ്യമാക്കി തിരുത്തൽ വരുത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-18 വസ്തു നികുതി സഞ്ചയ ഡേറ്റാബേസ് - അടിസ്ഥാന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഡേറ്റാബേസ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്**

2023-24 ന് മുമ്പ് അസസ്മെന്റ് നടത്തിയ കെട്ടിടങ്ങൾ, 2023-24 വർഷം പുനക്രമീകരിച്ചപ്പോൾ അടിസ്ഥാന വിവരങ്ങളിൽ നിന്നും പലതും വ്യത്യാസപ്പെടുന്നതായി കാണുന്നു . ~~2023-24 ന് മുമ്പ് അസസ്മെന്റ് നടത്തിയ കെട്ടിടങ്ങളുടെ~~ അടിസ്ഥാന വിവരങ്ങൾ വ്യത്യാസപ്പെടുന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് ,കെട്ടിട നം. | മേഖല | റോഡിന്റെ വീതി |
|---|---|---|---|
| 1 | 9/360 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 9/360 A | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ |
| 2 | 11/404 A,B,C,D | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 11/404 E,F | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതലോ |
| 3 | 11/515 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 11/515A | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ |
| | 11/515B | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതലോ |
| 4 | 12/259 , B, C | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 12/259A | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ |
| 5 | 12/365 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |
| | 12/365 A,B,C,D,E,F | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ |
| 6 | 132 /A.C | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 132 D | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |

ഇപ്രകാരമുള്ള ഡേറ്റാബേസിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/18.06.24) മറുപടിയായി സ്ഥല പരിശോധനയിൽ ബോധ്യപ്പെടുന്ന വിവരങ്ങളാണ് ഡാറ്റാ എൻട്രി നടത്തുന്നതെന്നും സഞ്ചയയിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ സംവിധാനം ലഭ്യമാക്കുന്ന മുറയ്ക്ക് തിരുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡേറ്റാബേസിന്റെ കൃത്യത ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. നികുതി പുന ക്രമീകരണത്തിൽ നികുതി കുറവ് വന്നിട്ടുണ്ടെങ്കിൽ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-19 വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല**

250 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് വിവിധ നമ്പരുകളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയപ്പോൾ മേൽത്തരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും ബാധകമായിട്ടില്ല എന്ന് സഞ്ചയ ഡേറ്റാബേസിൽ കാണുന്നു. 250 ചതുരശ്രമീറ്ററിൽ അധികമായി ഒറ്റ നമ്പരിൽ നികുതി നിർണ്ണയിക്കപ്പെടുന്ന ഭാഗത്തിന് മാത്രമാണ് 15% നികുതി വർദ്ധന കണക്കാക്കി നികുതി നിർണ്ണയിക്കപ്പെടുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | ഉപയോഗക്രമം | Plinth Area (ച.മീ) | ആകെ വിസ്തീർണ്ണം |
|---|---|---|---|---|
| 10/88/AJ,AK, AL,AO,AP,AQ | പി ഐ നൗഷാദ്, പുതുപ്പറമ്പിൽ, മുണ്ടക്കയം | പാർപ്പിടം (ഹോം സ്റ്റേ) | AJ – 56.90<br>AK - 85.68<br>AL - 76.26<br>AO – 180.53<br>AP – 13 . 77<br>AQ - 37.64 | 450.78 |

ഇപ്രകാരം 250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന്റെ നികുതി വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/20-06-2024) നൽകിയതിന് മറുപടിയായി മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കെട്ടിടത്തിനു മുഴുവനായും നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ ക്രമീകരണങ്ങൾ IKM ന്റെ സഹായത്തോടെ നടത്തുന്നതിനായി ഇൻഫോർമേഷൻ കേരളാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അതിനു ശേഷം ഇപ്രകാരമുള്ള മുഴുവൻ ഭാഗത്തിനും 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 വില്ലേജ് ഓഫീസിന്റെ വസ്തു നികുതി ഈടാക്കിയില്ല**

കൂട്ടിക്കൽ വില്ലേജ് ഓഫീസ് പഴയ കെട്ടിടത്തിന്റെ വസ്തു നികുതി 2013-14 മുതലുള്ളത് കുടിശ്ശികയാണ്. പഴയ കെട്ടിടം പൊളിച്ചു മാറ്റി 2022-23 ൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയതിന്റെയും വസ്തു നികുതി ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാൻഡ് നോട്ടീസ് നൽകി നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും 2013-14 മുതൽ കുടിശ്ശികയായ നികുതി ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-21 വൃക്ഷങ്ങൾ ലേലം ചെയ്ത് നൽകുന്നത് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, വൃക്ഷങ്ങൾ സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ വാല്യുവേഷൻ, വിവിധ കമ്മിറ്റി തീരുമാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം (എണ്ണം) | അവസ്ഥ (നിലയിൽ / വെട്ടിയിട്ടത്) | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1) | ഉതി (1) | | ഗ്രാമ പഞ്ചായത്ത് വാർഡ് X കപ്പിലാംമൂട് അംഗൻവാടി റോഡ് അവസാനിക്കുന്ന സ്ഥലം |
| 2) | ആഞ്ഞിലി (1) | നിലയിൽ | കൂട്ടിയ്ക്കൽ - താളുങ്കൽ റോഡ് |
| 3) | ആഞ്ഞിലി (1) | | ഗ്രാമ പഞ്ചായത്ത് വാർഡ് XIII പോത്തൻ കോളനി ഭാഗം |

പ്രസ്തുത വൃക്ഷങ്ങൾ, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ SF2/ 1533/ 2020/ 23.09.2020, പഞ്ചായത്ത് ഭരണസമിതിയുടെ 21(2)/ 03.06.2022 നം. തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 28.10.2020, 16.02.2021, 16.07.2021, 18.08.2021, 21.10.2021 എന്നീ തീയതികളിൽ ലേല/ പുനർലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഉയർന്ന വാല്യുവേഷൻ തുക മൂലം നാളിതുവരെ ആരും ലേലം കൊള്ളാത്ത സാഹചര്യം നിലനിൽക്കുന്നതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നു. വൃക്ഷങ്ങളുടെ മൂല്യം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനായി, പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.06.2024), 2020 മുതൽ നടപടികൾ സ്വീകരിച്ചുവരുന്ന, ടി മരങ്ങളുടെ ലേലനടപടികൾക്കായി, സ്പോട്ട് ലേലം/ ക്വട്ടേഷൻ ക്ഷണിച്ച് ലഭ്യമാകുന്ന ഉയർന്ന തുകയ്ക്ക് ലേലം ചെയ്യുന്നതിന് 11(1)/11.03.2024 നം. പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും, ആയത് പ്രകാരം തുടർ ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ വാർഡ് -VI (കൊടുങ്ങ)-ൽ ഉൾപ്പെട്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതുമായ റിസോർട്ട് കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം |
|---|---|---|
| 1) | VI/484 W | സിന്ധുമോൾ. എസ്, ചെട്ടിച്ചേരിൽ |

പ്രസ്തുത കെട്ടിടം സഞ്ചയ വെബ് പോർട്ടൽ പ്രകാരം 'റിസോർട്ടുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും, ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത കെട്ടിടത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈസൻസ് ഫീ ഈടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/19.06.2024), ടി സ്ഥാപനത്തെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ലെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. സ്ഥാപനങ്ങളെ ലൈസൻസ്

പരിധിയിൽ കൊണ്ടുവരാതെ പ്രവർത്തനാനുമതി നൽകുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, തുടർ വർഷങ്ങളിൽ ഇത്തരം അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 വാടക കുടിശ്ശിക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ താഴെപ്പറയുന്ന ആസ്തികളിന്മേൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വാടക തുക യഥാസമയം അടവാക്കാതെ കുടിശ്ശിക നിൽക്കുന്നതായി പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുത്തകക്കാരന്റെ പേര്, വിലാസം | കുടിശ്ശിക കാലയളവ് (മാസം / വർഷം) | പ്രതിമാസ വാടക തുക | ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവ കണക്കാക്കാതെയുള്ള അടിസ്ഥാന വാടക കുടിശ്ശിക തുക |
|---|---|---|---|---|
| 1) | ജലനിധി, കുട്ടിയ്ക്കൽ ചപ്പാത്ത് | 12/2022, 01/2023,, 02/2023 & 03/2023 | 244/- | 976/- |
| 2) | എൻ. എ). അബ്ദുൾ സലാം, നെടുങ്ങേലിൽ, കുട്ടിയ്ക്കൽ | 02/2024 & 03/2024 | 1500/- | 3000/- |
| | ആകെ | | | 3976/- |

വാടക തുക സമയബന്ധിതമായി ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/19.06.2024), ബന്ധപ്പെട്ട കക്ഷികളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ബന്ധപ്പെട്ട കക്ഷികളിൽ നിന്നും കുടിശ്ശിക തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 മെയിന്റനൻസ്ഗ്രാന്റ് (റോഡ്) -വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച

2023-24 വർഷം ഗ്രാമപഞ്ചായത്തിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായി ലഭിച്ച 71,76,000/- രൂപയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രൊജക്റ്റുകൾ പ്രകാരം 14,74,112/- രൂപ (20%) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. 12,81,080/-രൂപയുടെ ക്യൂബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിൽ കൂടി 42,52,078/- രൂപ ചെലവഴിക്കാവുന്ന രീതിയിൽ നിർവ്വഹണം നടന്നിരുന്നില്ലായെന്ന് കാണുന്നു. പ്രൊജക്റ്റുകളുടെ നിർവ്വഹണവേളയിൽ നേരിട്ട സാങ്കേതിക തടസ്സം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/19-6-24)മറുപടിയായി തെരഞ്ഞെടുപ്പിനെ തുടർന്ന് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടെൻഡർ നടപടികളിൽ തടസ്സം നേരിട്ടതായും സോഫ്റ്റ് വെയർ തകരാർ നേരിട്ടതായും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വളരെ നേരത്തെതന്നെ ആരംഭിച്ച പഞ്ചായത്തിൽ ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ സാവകാശം ലഭിച്ചിരുന്നു. സമാനതകളില്ലാത്ത പ്രളയ ദുരന്തം നേരിട്ട ഗ്രാമപഞ്ചായത്തിന് തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണപ്രവർത്തനങ്ങൾ ഒട്ടേറെ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന സാഹചര്യമുണ്ട്. ലഭ്യമായ സർക്കാർ ഗ്രാന്റുകൾ ശരിയാംവണ്ണം വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും അർപ്പണബോധത്തോടെയുള്ള പ്രവർത്തനം

അനിവാര്യമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

**1-25 പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായ പുനരധിവാസവും ഭവനനിർമ്മാണവും- നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടൽ അനിവാര്യം**

2021 ഒക്ടോബർ മാസം കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടായ സമാനതകളില്ലാത്ത പ്രളയ ദുരിതത്തിനും മണ്ണിടിച്ചിലിനും ശേഷം നിരവധി കുടുംബങ്ങൾക്ക് ഭൂമിയും അവർ താമസിച്ചിരുന്ന ഭവനങ്ങളും നഷ്ടപ്പെട്ടിരുന്നു. ഇപ്രകാരം ഭവനങ്ങളും ഭൂമിയും നഷ്ടപ്പെട്ട കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്ത് തലത്തിലും റവന്യൂ വകുപ്പും ക്രോഡീകരിച്ചിട്ടുണ്ടെങ്കിലും പുനരധിവാസ പ്രവർത്തനങ്ങളുടെയും ഭവന നിർമ്മാണ/ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെയും സമഗ്രമായ കാലിക സ്ഥിതിവിവര റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രകൃതി ദുരന്തത്തെ തുടർന്ന് സർക്കാരിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും വിവിധങ്ങളായ രാഷ്ട്രീയ പാർട്ടികളുടെയും മത/സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ വിപുലമായ പുനരധിവാസ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്.നേരിട്ട പ്രകൃതി ദുരന്തത്തെ പോലെ തന്നെ ഇത് നേരിടുന്നതിലും സമയബന്ധിതമായ പുനരധിവാസം ഉറപ്പാക്കുന്നതിലും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. അതിന്റെ ഗുണഫലങ്ങൾ ഏറെക്കുറെ ദൃശ്യവുമാണ്. എന്നാൽ പ്രകൃതി ദുരന്തത്തിലൂടെ വാസയോഗ്യമല്ലാതായി തീർന്ന വീടുകളുടെയും പുനരധിവാസത്തിന്റെ ഭാഗമായി നിർമ്മാണം പൂർത്തിയായ വീടുകളുടെയും ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളുടെയും സമഗ്രമായ വിവരം ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സഞ്ചയ ഡേറ്റാ ബേസിൽ നിന്നും ലഭ്യമാവുന്നില്ല. അടിയന്തരമായി ഏറ്റെടുത്ത പുനരധിവാസ നിർമ്മാണ പ്രവർത്തനങ്ങൾ ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെയും ഭൂമിയുടെ നിരാക്ഷേപമായ ഉടമസ്ഥാവകാശം ഉറപ്പാക്കാതെയും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതായി അധികൃതരുമായി ആശയവിനിമയം നടത്തിയതിൽ അറിയാൻ സാധിച്ചിട്ടുണ്ട്. ഇഷ്ടദാനമായും സൗജന്യമായും സൗജന്യ നിരക്കിലുള്ള വിലയാധാര പ്രകാരവും ഗുണഭോക്താക്കൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കൈവശാവകാശം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെങ്കിലും റവന്യൂ രേഖകൾ പ്രകാരം ആവശ്യമായ നിരാക്ഷേപ ഉടമസ്ഥാവകാശം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായും അറിയുന്നു. പുനരധിവാസ പ്രവർത്തികൾക്കായി ഭൂമി വിട്ട് നൽകുമ്പോൾ ലഭിക്കേണ്ടതായി സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്.

ഓരോ കെട്ടിടങ്ങൾക്കുംനിയമ പ്രകാരം കെട്ടിട നമ്പർ നൽകി ഉമസ്ഥാവകാശം ലഭിച്ചാൽ മാത്രമേ പുനരധിവാസം പൂർണ്ണമാവുകയുള്ളൂ. പുതിയ കെട്ടിടങ്ങളെ സംബന്ധിച്ചും നശിച്ചു പോയ. കെട്ടിടങ്ങളെ സംബന്ധിച്ചുമുള്ളതുമായ സമഗ്രമായ ഡാറ്റ ബേസ് പഞ്ചായത്ത് തല സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രകൃതി ദുരന്തങ്ങളിൽ ഉൾപ്പെട്ട് പുനരധിവസിക്കപ്പെട്ട ഗുണഭോക്താക്കളുടെ താൽപര്യം പരിഗണിച്ച് ഇക്കാര്യങ്ങളിൽ ആവശ്യമായ പ്രത്യേകാനുമതി ഉത്തരവുകൾ സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ അടിയന്തര നടപടികൾ അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതി അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്.

**1-26 ലൈബ്രറിയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ – ഉപകരണങ്ങൾ ഉപയുക്തമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് ലൈബ്രറിയ്ക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്.

| പ്രോജക്ട് | തുക / ഫണ്ട് / |
|---|---|

| വിവരങ്ങൾ | ബിൽ വിശദാംശങ്ങൾ |
|---|---|
| 154/24, ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ | വികസന ഫണ്ട് (പൊതു) - 16000 രൂപ (ബിൽ നം.36/07.02.24) |

മേൽ പ്രോജക്ട് പ്രകാരം ലൈബ്രറിയ്ക്ക് വേണ്ടി ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങി.

1. ഓഫീസ് ടേബിൾ - 1 എണ്ണം
2. ഓഫീസ് ചെയർ - 1 എണ്ണം
3. സ്റ്റീൽ റാക്ക് - 2 എണ്ണം

ലൈബ്രറി കൂടുതൽ സൗകര്യപ്രദമായ കൃഷി ഭവൻ അനക്സിലേയ്ക്ക് മാറ്റേണ്ട സാഹചര്യമുള്ളതിനാൽ നിലവിൽ ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. പുതിയ കെട്ടിടത്തിൽ ലൈബ്രറി സജ്ജീകരിയ്ക്കുമ്പോൾ ഫർണ്ണിച്ചർ ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-27 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ – വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് .

| ക്രമ നം. | പ്രോജക്ട് നം/പേര് | തുക/ഫണ്ട്/ ബിൽ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 229/24, ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്കാനർ വാങ്ങൽ | വികസന ഫണ്ട് (പൊതു) - 22476 രൂപ (ബിൽ നം.32/23.12.23) | CPCRS മുഖേന ഹൈ സ്പീഡ് സ്കാനർ വാങ്ങാൻ കെൽട്രോണിന് തുക കൈമാറി. നാളിതു വരെ ഉപകരണം ലഭ്യമായില്ല. |
| 2 | 06/24, NHM ആയുഷ് PHCയിലേയ്ക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്- 250000 രൂപ (ബിൽ നം.28/23.12.23) | നാളിതു വരെ ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല. |
| 3 | 103/24 , വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | സി എഫ് സി 285929 രൂപ (305/17-02-2024) | പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | ആകെ | 558405 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/18-06-2024) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടുകൾ പൂർത്തികരിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തികരണവിവരങ്ങൾ ലഭ്യമാകുന്നതു വരെ ആയതിലേക്ക് ചെലവഴിച്ച 558405 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 എംസിഎഫ് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നം. | 179/24 |
| അടങ്കൽ | 7,50,000/-(CFC)+ 7,00,000/- (SBM) |
| ചെലവ് | 4,12,400/-(CFC)+ 7,00,000/-(SBM) |
| കരാർ | 1/AE/LSGD/KTL/23-24 Dt 04-07-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

2023-24 വർഷം ഗ്രാമപഞ്ചായത്തിൽ എംസിഎഫ് നിർമ്മാണത്തിനായി 14.5 ലക്ഷം രൂപ അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കുകയും ഹാഫിസ് മുഹമ്മദ് എന്നയാൾക്ക് കരാർ നൽകുകയും 11,12,400/- രൂപ ചെലവഴിച്ച് കെട്ടിടനിർമ്മാണം നടത്തുകയും ചെയ്തിരുന്നു. 18-6-2024 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരുന്നില്ലായെന്ന് കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം 60m2 വിസ്തീർണ്ണമുള്ള ഒറ്റ നിലയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണം ആണ് ലക്ഷ്യമിട്ടത്. കെട്ടിടത്തിന്റെ ഫ്ലോറിങ്ങ് , ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വച്ചിരുന്നു. എന്നാൽ നിലവിൽ സോളിഡ് ബ്ലോക്ക് മേസണറി ചെയ്ത് പാർട്ട് ബിൽ നൽകുകയും പൂർത്തീകരണത്തിനായി 2024-25വർഷം വേറെ പ്രൊജക്റ്റ് തയ്യാറാക്കിയതായും കാണുന്നു. നിലവിൽ കെട്ടിടം രണ്ടു നിലകളിലായി പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. എസ്റ്റിമേറ്റിൽ മാറ്റം വരുത്താനുള്ള കാരണം വിശദീകരിക്കപ്പെട്ടിരുന്നില്ല. നിലവിൽ കെട്ടിടം പണി പൂർത്തീകരണത്തിലേക്ക് എത്തിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കുന്നത് വരെ ടിയിനത്തിൽ ചെലവഴിച്ച 11,12,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-29 ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല**

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധന സഹായം കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അനുവദിച്ച് നൽകിയ തുക | അവസാനം തുക അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|---|
| 1) | മെറീന സുകുമാരൻ പുളിയാലിൽ ഇളംകാട് | ബേസ്മെന്റ് | 40,000/- | 14.08.2018 |
| 2) | കുട്ടിപ്പെണ്ണ് മാധവൻ കല്ലുഴത്തിൽ | ബേസ്മെന്റ് | 2,00,000/- | 08.05.2019 |

| | | | | |
|---|---|---|---|---|
| | താളുങ്കൽ | | | |
| 3) | ശ്യാമള<br>മഠത്തിൽ<br>കൂട്ടിക്കൽ | വാൾപ്ലേറ്റ് | 3,00,000/- | 21.12.2023 |
| 4) | റോസമ്മ തോമസ്<br>കറുകപ്പള്ളിൽ<br>ഇളംകാട് | റൂഫ് | 3,60,000/- | 03.01.2024 |
| 5) | ലിസി ബേബിച്ചൻ<br>തേക്കുംതോട്ടത്തിൽ<br>കൂട്ടിക്കൽ | വാൾപ്ലേറ്റ് | 3,00,000/- | 22.12.2023 |
| 6) | ശാന്തമ്മ വിശ്വൻ<br>കാട്ടുതറ<br>കൂട്ടിക്കൽ | വാൾപ്ലേറ്റ് | 3,00,000/- | 24.05.2023 |
| 7) | ഓമന. വി. പി<br>വാര്യമറ്റം<br>താളുങ്കൽ | ബേസ്മെന്റ് | 2,00,000/- | 31.10.2023 |
| 8) | ശ്രീലത. കെ. എസ്<br>കിഴക്കേപ്പുരയിൽ<br>പറത്താനം | നിർമ്മാണം ആരംഭിച്ചു | 40,000/- | 24.05.2023 |
| 9) | അശ്വതിമോൾ. കെ. ബി<br>കോക്കുന്നത്ത്<br>വല്ലീറ്റ | റൂഫ് | 3,60,000/- | 30.06.2022 |
| 10) | മുബീന<br>കിഴക്കേപറമ്പിൽ<br>താളുങ്കൽ | റൂഫ് | 3,60,000/- | 28.09.2022 |
| 11) | വിജയമ്മ ചന്ദ്രൻ<br>കരത്രയിൽ<br>വല്ലീറ്റ | റൂഫ് | 3,00,000/- | 06.02.2023 |
| 12) | രാജമ്മ ഷാജൻ<br>കാരോട്ടുപാലയിൽ<br>പറത്താനം | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 04.08.2021 |
| 13) | അനുമോൾ അനിൽ<br>മാണിയംകുന്നേൽ<br>വല്ലീറ്റ | റൂഫ് | 3,40,000/- | 29.03.2023 |
| 14) | സുനുദേവ്. പി. വി<br>പുത്തൻവിള<br>പറത്താനം | വാൾപ്ലേറ്റ് | 3,00,000/- | 04.07.2023 |
| 15) | രഞ്ജു. വി<br>കൊല്ലക്കുഴിയിൽ | ബേസ്മെന്റ് | 2,00,000/- | 10.03.2023 |

| | | | | |
|---|---|---|---|---|
| | പറത്താനം | | | |
| 16) | റെജി. കെ. രാജൻ<br>നെല്ലിക്കോത്ത്കിഴക്കേതിൽ<br>പ്ലാപ്പള്ളി | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 10.03.2023 |
| 17) | സൈനബ<br>മാങ്ങാറ<br>ചോറ്റി | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 24.05.2023 |
| 18) | സുമ. സി. ജെ<br>വറ്റുകൊട്ടയിൽ<br>പ്ലാപ്പള്ളി | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 28.03.2023 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം സംബന്ധിച്ചും, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/18.06.2024), നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. (1 ) ന്റെ വിഷയം ബഹു. കോടതിയുടെ പരിഗണനയിലായതിനാൽ ധനസഹായ തുകയുടെ തുടർ ഗഡുക്കൾ അനുവദിക്കാൻ കഴിയില്ലെന്നും, ക്രമ നം. (2, 3, 4)എന്നിവ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് വീഴ്ച സംഭവിച്ചതുമൂലം വിഷയം ബഹു. ജില്ലാ കളക്ടറുടെ പരിഗണനയിലാണെന്നും, ശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിഷയം ഭരണസമിതിയിൽ ചർച്ച ചെയ്ത്, അതത് വാർഡിന്റെ ജനപ്രതിനിധികൾ മുഖേന ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-30 മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള അർഹമായ സ്കോളർഷിപ് തുക അനുവദിച്ച് നൽകിയില്ല

2023–24 വാർഷിക പദ്ധതിയുടെ ഭാഗമായി, അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 51/2024 & 52/2024 |
| ഫണ്ട് ഇനം | SCP & TSP |
| അടങ്കൽ | 3,26,000/- (SCP) & 35,000/- (TSP) |
| ചെലവ് | 3,20,000/- (SCP) & 35,000/- (TSP) |
| ബിൽ നം./തീയതി | 09/23-24/26.09.23<br>16/23-24/11.01.23<br>25/23-24/14.02.24<br>15/23-24/11.12.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വിവിധ അക്കാദമിക് കോഴ്സുകൾക്കായ് അനുവദിച്ചു നൽകിയ സ്കോളർഷിപ് തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വിദ്യാർത്ഥിയുടെ | സ്കോളർഷിപ്പിനായി | അനുവദിച്ച് | മാർഗ്ഗരേഖ |
|---|---|---|---|---|

| നം. | പേര് | പരിഗണിച്ച കോഴ്സ് | നൽകിയ തുക | നിർദ്ദേശപ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1) | നയൻതാര പി. ആർ | M Sc സ്റ്റാറ്റിസ്റ്റിക്സ് | 20,000/- | 30,000/- |
| 2) | ആതിര മുരളീധരൻ | MA ഇക്കണോമിക്സ് | 20,000/- | 30,000/- |
| 3) | മായ. റ്റി. എൻ | M Sc കെമിസ്ട്രി | 20,000/- | 30,000/- |
| 4) | ആദിത്യ രാജേന്ദ്രൻ | B Sc നേഴ്സിങ്ങ് | 20,000/- | 25,000/- |
| 5) | ആദർശ് പ്രകാശ് | B Sc നേഴ്സിങ്ങ് | 20,000/- | 25,000/- |
| 6) | സുബിൻ. കെ. എസ് | B Sc നേഴ്സിങ്ങ് | 20,000/- | 25,000/- |
| 7) | അനു. കെ. ബിനോ | MSW | 20,000/- | 30,000/- |
| 8) | അവന്തിക. പി. ആർ | BDS | 20,000/- | 25,000/- |
| 9) | ഗോപിക. പി. ആർ | B Tech സിവിൽ എഞ്ചിനീയറിംഗ് | 20,000/- | 25,000/- |
| 10) | അശ്വതി. പി. എസ് | MA ഇംഗ്ലീഷ് | 20,000/- | 30,000/- |

2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ, മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് സ. ഉ. (കൈ)നം. 115/2022/തസ്വഭവ/28.05.2022 മാർഗ്ഗരേഖ പ്രകാരമുള്ള സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത പദ്ധതിയ്ക്കായുള്ള SCP, TSP ഫണ്ടിനങ്ങളിൽ സാമ്പത്തിക വർഷാവസാനം (31.03.2024 -ൽ) യഥാക്രമം 12,00,959/- രൂപയും, 1,88,750/- രൂപയും നീക്കിയിരിപ്പുള്ളതായി പരിശോധനയിൽ വ്യക്തമാകുന്നു. വിദ്യാർത്ഥികൾക്ക് അർഹമായ തുക അനുവദിച്ച് നൽകാതെ, എല്ലാവിധ അക്കാദമിക് കോഴ്സുകൾക്കും 20,000/- രൂപയിൽ പരിമിതപ്പെടുത്തി നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/18.06.24), അനിവാര്യമായി വകയിരുത്തേണ്ട പദ്ധതികളുടെ തുക കുറയ്ക്കുന്നത് വാലിഡേഷനെ ബാധിക്കുമെന്നതിനാൽ പദ്ധതി തുകയിൽ ബാലൻസ് ഉണ്ടെങ്കിലും, ആയത് പൂർണ്ണമായും മറ്റ് പദ്ധതികൾക്ക് വകയിരുത്തുന്നതിന് സാധിക്കുകയില്ലായിരുന്നതിനാൽ, അടങ്കൽ തുക വർധിപ്പിക്കുവാൻ സാധിക്കാതെ വന്നുവെന്നും, ഗുണഭോക്താക്കളിൽ പരമാവധി എണ്ണം ആളുകളിലേക്ക് ധനസഹായ തുക എത്തിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് സ്കോളർഷിപ്പ് തുക പരിമിതപ്പെടുത്തിയതെന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമായിട്ടുള്ളത്. എന്നാൽ, സ്കോളർഷിപ്പ് വിതരണത്തിനായി SCP, TSP ഫണ്ടുകൾ ഒഴികെയുള്ള ഇതര ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ചതായി ബന്ധപ്പെട്ട ഫയലിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ നിന്നോ വ്യക്തമല്ല. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-31 കാലിത്തീറ്റ വിതരണം - പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.**

ഡയറി ഫാം ഇൻസ്ട്രക്ടർ ജനറൽ വിഭാഗത്തിലും, എസ്.സി വിഭാഗത്തിലുമായി കാലിത്തീറ്റ വിതരണത്തിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു. എന്നാൽ ജനറൽ വിഭാഗം പദ്ധതിക്കായി വാങ്ങിയ കാലിത്തീറ്റ ബാഗുകൾ പൂർണ്ണമായും വിതരണം നടത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എസ്.ഒ 59/24 കാലിതീറ്റ വിതരണം ജനറൽ |
|---|---|
| അടങ്കൽ | 2125890 |
| ചെലവ് | 2078230 |

ടി പദ്ധതി പ്രകാരം ആകെ 1378 കാലിത്തീറ്റ ബാഗുകളാണ് വാങ്ങിയിട്ടുള്ളത്. കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 1226 എണ്ണം മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്. 152 കാലിത്തീറ്റബാഗുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.2/15.06.2024) നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ വാങ്ങലിന്റെയും,വിതരണത്തിന്റെയും ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 152 കാലിത്തീറ്റ ബാഗുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 234080 (152x1540) രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ മലയോര മേഖലയിൽ ഉൾപ്പെട്ട കൂട്ടിക്കൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

**ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 13 |
| ആകെ ജനസംഖ്യ | 14277 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 3130 |

| | |
|---|---|
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 225 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 2 |

നിലവിൽ ആകെ സേനാംഗങ്ങളുടെ എണ്ണം 26 ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫ് ൽ എത്തിച്ച് അവിടെ നിന്നും ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്ലാസ്റ്റിക്ക് ഇതര അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ സ്ഥലപരിമിതി ഉള്ളതിനാൽ 2024 ഫെബ്രുവരി 3,4 തീയതികളിൽ വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ ആയവ ശേഖരിക്കുകയും ക്ലീൻ കേരളാ കമ്പനിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് .

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ജന സാന്ദ്രത കുറവും മലയോര മേഖലയായതിനാലും കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണം എല്ലായ്പ്പോഴും നടക്കുന്നില്ല. എങ്കിലും കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും . സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിനു് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു.

<u>മാലിന്യം വേർതിരിക്കൽ</u>

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ , പൊതു സ്ഥലങ്ങൾ , ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരളക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

<u>സാമൂഹിക അവബോധം സൃഷ്ടിക്കൽ</u>

മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

13 വാർഡുകളിലായി ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 26 ആണ്. മലയോര മേഖലയിൽ ഉൾപ്പെട്ട പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളും ഉയർന്ന പ്രദേശങ്ങൾ ആണെങ്കിലും വളരെ കാര്യക്ഷമമായ രീതിയിൽ മാലിന്യശേഖരണം നടത്താൻ സാധിക്കുന്നുണ്ട് . ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം 10000 രൂപ ശരാശരി വരുമാനം ലഭിക്കുന്നുണ്ട് . ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. ആയത് താത്കാലിക സംവിധാനമാണ്. എങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് 18/06/24 ലെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

ഓഫീസ് സൗകര്യങ്ങളോട് കൂടിയ പുതിയ എം സി എഫ് നിർമ്മാണം വാർഡ് 3 ൽ പുരോഗമിച്ചു വരുന്നു. ഹരിത കർമ്മസേനക്ക് 2023-24 സാമ്പത്തിക വർഷത്തിൽ സി.എഫ്.സി ടൈഡ് ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് എന്നിവ ഉപയോഗിച്ച് വാഹനം (Tata Intra Pickup Vehicle) വാങ്ങിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മസേനാംഗങ്ങൾ ആരും തന്നെ ഡ്രൈവിംഗ് പരിശീലനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ താത്ക്കാലികമായി ഡ്രൈവറെ മാലിന്യം ശേഖരിക്കുന്ന ദിവസങ്ങളിൽ മാത്രം നിയമിക്കുന്നു. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതിനുമായുള്ള "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ് സിസ്റ്റം "-പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്ന പ്രവൃത്തി തൊണ്ണൂറ് ശതമാനവും പൂർത്തിയായി.

<u>പാരിസ്ഥിതിക ആഘാതം</u>

2023-24 വർഷത്തിൽ അനധികൃതമായി പഞ്ചായത്ത് പ്രദേശത്ത് മാലിന്യം തള്ളിയ / പ്ലാസ്റ്റിക് മാലിന്യം കത്തിച്ച അഞ്ച് പേർക്ക് നോട്ടീസ് നൽകുകയും 24000 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**<u>MCF/RRF (Material Collection Fecility/Resource Recovery Facility )</u>**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. ആയത് താത്കാലിക സംവിധാനമാണ്. എങ്കിലും അഗ്നി സുരക്ഷാ സംവിധാനം ഉൾപ്പെടെ അവശ്യ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പുതിയ എം സി എഫ് കെട്ടിട നിർമ്മാണം വാർഡ് 3 ൽ നടന്നു വരുന്നു. പ്രസ്തുത സ്ഥലം റോഡ് സൗകര്യമുള്ളതാണ്. സ്ഥല പരിമിതിയുണ്ടെങ്കിലും ഓഫീസ്, മെഷിനറി എരിയ (ബെയിലിംഗ് യൂണിറ്റ്), സ്റ്റോറേജ്, ടിപ്പിംഗ് എരിയ, എന്നിവ ഇതിൽ ഉൾപ്പെടുന്നു. 13 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനായി സ്ഥലസൗകര്യം ഇല്ലാത്ത വാർഡുകളിൽ (വാർഡ് 2,3,7,10,13) മാലിന്യം തരം തിരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

<u>മാലിന്യ കൈമാറ്റം</u>

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃതമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നതിനാൽ മാലിന്യങ്ങൾ എം സി എഫ് ൽ കുന്നുകൂടുന്ന അവസ്ഥയില്ല. സ്ഥലപരിമിതിയുള്ള താത്കാലിക എംസിഎഫ് ലും വളരെ കുറവ് മാലിന്യം മാത്രമേ കൈമാറാൻ അവശേഷിക്കുന്നുള്ളൂ. എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്.

<u>ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ</u>

യൂസർ ഫീ നൽകുന്നതിന് ആരംഭകാലഘട്ടങ്ങളിൽ ജനങ്ങൾക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ സ്ഥിതി വളരെയധികം മെച്ചപ്പെട്ടു. എങ്കിലും ചില വീടുകൾ നിലവിലും ഒന്നിടവിട്ട മാസങ്ങളിൽ മാത്രം യൂസർഫീ നൽകുന്നുണ്ട്.

<u>നിരീക്ഷണങ്ങൾ</u>

1. തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്ന സംരംഭം തുടങ്ങുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനും ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനും ഉതകുന്നതായിരിക്കും.

2. നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനാണ് ഊന്നൽ നൽകുന്നത്. വീടുകളിൽ നിന്നും, കടകളിൽ നിന്നും ലെഗസി ശേഖരിക്കാൻ ഓരോ മാസവും ഒരു ദിവസം നിശ്ചയിച്ചു കൊടുത്തിട്ടുണ്ടെങ്കിലും ക്ലീൻ കേരളാ കമ്പനി ആയവ നീക്കം ചെയ്യാൻ സമയം എടുക്കുന്നതുകൊണ്ട് നിശ്ചിത തീയതികൾ പാലിക്കാൻ കഴിയുന്നില്ല. ലെഗസി നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയാണെങ്കിൽ ആയവ കുമിഞ്ഞു കൂടുന്ന അവസ്ഥ ഒഴിവാക്കാം.

3. നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ്

ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായിക്കും . കൂടാതെ ആവശ്യമുള്ളവർക്ക് പ്രയോജനപ്രദവുമായിരിക്കും.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 16.05.2024 | 15.06.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2023-24 | 1,80,000/- | ലൈഫ് ഭവന പദ്ധതി (TSP) (96/24) | 1,80,000/- | 0 |
| | 2023-24 | 3,00,000/- | ലൈഫ് ഭവന പദ്ധതി (SCSP) (95/24) | 3,00,000/- | 0 |
| | 2023-24 | 5,80,000/- | ലൈഫ് ഭവന പദ്ധതി – വസ്തു വാങ്ങൽ (GEN) (95/24) | 5,80,000/- | 0 |
| | 2023-24 | 1,07,280/- | സാന്ത്വന ചികിത്സാപദ്ധതി | 1,07,280/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | (137/24) | | |
| | 2023-24 | 2,62,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (46/24) | 2,62,500/- | 0 |
| | 2023-24 | 1,00,000/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (58/24) | 1,00,000/- | 0 |
| | 2023-24 | 50000/- | അതിദരിദ്രർക്ക് വീട് മെയിന്റനൻസ് (86/24) | 50000/- | 0 |
| | 2023-24 | 484434/- | കൂട്ടിക്കൽ പ്ലാപ്പള്ളി ഈന്തുപള്ളി റോഡ് മെയിന്റനൻസ് (184/324) | 484434/- | 0 |
| | **ആകെ** | **2,064,214/-** | **ആകെ** | **2,064,214/-** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2023-24 | 7,60,000/- | ലൈഫ് ഭവന പദ്ധതി (GEN) (94/24) | 7,60,000/- | 0 |
| | 2023-24 | 1,60,000/- | ലൈഫ് ഭവന പദ്ധതി (SCP) (95/24) | 1,60,000/- | 0 |
| | 2023-24 | 72,225/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (46/24) | 72,225/- | 0 |
| | 2023-24 | 2,13,511/- | ഇ.എം.എസ് നഗർ റോഡ് കോൺക്രീറ്റിങ് (195/24) | 2,13,511/- | 0 |
| | 2023-24 | 1,00,000/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (58/24) | 1,00,000/- | 0 |
| | **ആകെ** | **1,305,736/-** | **ആകെ** | **1,305,736/-** | **0** |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം (103/24) | 2,85,929/- | 0 | 2,85,929/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 2,14,68,362/- | 96,63,765/- | *35,59,638/- | - | 27,572,489/- |

*Source Deduction
1) Development Fund General : 9,14,809/- (Proj. No : 238/24)
2) Development Fund General : 9,14,809/- (Proj. No : 245/24)
3) Development Fund General : 9,14,810/- (Proj. No : 249/24)
4) SCP : 2,67,087/- (Proj. No : 240/24)
5) SCP : 2,67,087/- (Proj. No : 246/24)
6) SCP : 2,67,086/- (Proj. No : 250/24)
7) TSP : 4,650/- (Proj. No : 239/24)
8) TSP : 4,650/- (Proj. No : 247/24)
9) TSP : 4,650/- (Proj. No : 251/24)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം, ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ | രസീത് നം. |
|---|---|---|---|---|
| 2019-20 | 1-41 | 660 | ഷിജു ജോൺ, 310 ... | 1230201754/23.11.2023 |
| 2021-22 | 1-16 | 240 | ജലനിധി എൻജിനീയർ കാസിനോ റിസോർട്ട് | 1230202781/20.03.2024 |
| 2021-22 | 1-16 | 2500 | ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ, കൂട്ടിക്കൽ | 1230201817/01.12.2023 |
| ആകെ | | 334 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | 2 അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 3-1 | 2018-19 | കോട്ടയം ജില്ല-5 | നിയമവും ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം, ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 58,414,907/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 37,792,041/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 108,152,444/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 111,515,181/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 19,04,885/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 558405/- | ഗിരിജാകുമാരി അയ്യപ്പൻ സെക്രട്ടറി |
| 1-28 | 11,12,400/- | അനീഷ്.കെ.ജി അസി.എഞ്ചിനീയർ |
| 1-31 | 2,34,080/- | കണ്ണൻ.എസ്.പിള്ള ഡയറിഫാംഇൻസ്ട്രക്ടർ |
| ആകെ | 19,04,885/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99(ചെലവ്) | കെ.എസ്.എ)-കെ.ടി.എം.പി11-537/2017 /19.12.2017 | 1 |
| 1999-00 | കെ.എസ്.എ)-കെ.ടി.എം.പി11/അദാ-2022/1863/2022 /25.08.2022 | 7 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി9-1384/2007 /06.07.2007 | - |
| 2003-04 | കെ.എസ്.എ)- | 3 |

| | | |
|---|---|---|
| | കെ.ടി.എം.പി11/അദാ-2022/7/2022 /25.08.2022 | |
| 2009-10 & 2010-11 | കെ.എസ്.എ)- കെ.ടി.എം.പി11/അദാ-2022/1428/2022 /25.08.2022 | 1 |
| 2011-12 & 2012-13 | കെ.എസ്.എ)- കെ.ടി.എം.പി11/അദാ-2022/942/2022 /25.08.2022 | 2 |
| 2013-14 & 2014-15 | കെ.എസ്.എ)- കെ.ടി.എം.പി11/2505/22 തീയതി 04.02.2023 | 4 |
| 2015-16 | കെ.എസ്.എ)- കെ.ടി.എം.പി11/അദാ.22/944/22 തീയതി 25.08.2022 | 11 |
| 2016-17 | കെ.എസ്.എ)- കെ.ടി.എം.പി11/അദാ-2022/879/2022 /25.08.2022 | 3 |
| 2017-18 | കെ.എസ്.എ)- കെ.ടി.എം.പി11/2174 /2022/04.01.2023/04.02.2023 | 4 |
| 2018-19 | കെ.എസ്.എ)- കെ.ടി.എം.പി11/1153 /2022/09.01.2023/04.03.2023 | 7 |
| 2019-20 | കെ.എസ്.എ)- കെ.ടി.എം.പി11/1188/2021 /24.09.2021 | 29 |
| 2020-21 | കെ.എസ്.എ)- കെ.ടി.എം.പി11/1189/2021 /30.09.2021 | 39 |
| 2021-22 | കെ.എസ്.എ)- കെ.ടി.എം.പി11/908/2021 /10.07.2023/21.07.2023 | 17 |
| 2022-23 | കെ.എസ്.എ).കെ.ടി.എം.പി11/1536 /2023/04.11.2023 | 28 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-05-2024 and submitted on 16-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Koottickal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Koottickal Grama Panchayat as on 31-03-2024

**Date: 12/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Koottickal Grama Panchayat for the Year 2023-2024.

**1.Major Observations**

1. General Fund Details not maintained. Source Data not available for the value of total general fund as on 31/03/2024.

2. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

3. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

**2.Other Observations**

1. Capital Work in Progress accounting and adjustment details and supporting data not provided.
2. Excess of Income over expenditure in B1 schedule does not match with Income and
Expenditure statement

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്